

THURSDAY 23/10/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/10/2025

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ആർ കെ വി വൈ – പി ഡി എം സി സൂക്ഷ്മ ജലസേചനം (പി ഡി എം സി മൈക്രോ ഇറിഗേഷൻ) പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ്, സ്പ്രിംഗ്ളർ) സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കർഷകർക്ക് ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 മുതൽ 55 ശതമാനം തുക പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കേര കർഷകർക്ക് ഇതിനുപുറമേ കേരസമൃദ്ധി പദ്ധതി പ്രകാരം 30 ശതമാനം പ്രത്യേക ധനസഹായം ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സൂക്ഷ്മ ജലസേചന സംവിധാനത്തോടൊപ്പം സഹായം നൽകും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം. ഫോൺ: സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനിയർ – 9383470065, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് – 9383471797, ആലപ്പുഴ – 9383470693, തിരുവനന്തപുരം – 9383472010, കൊല്ലം – 9383470241, പത്തനംതിട്ട – 9383470518, ആലപ്പുഴ – 9383470694, കോട്ടയം – 9447344143, എറണാകുളം – 9383471479, തൃശ്ശൂർ – 9383471422, പാലക്കാട് – 9383471479, ഇടുക്കി – 8921668079, മലപ്പുറം – 9383471643, കോഴിക്കോട് – 9446429642, വയനാട് – 9383471924, കണ്ണൂർ – 9383472050, കാസർഗോഡ് – 9495082339. 2025 – 26 സാമ്പത്തിക വർഷം 100 കോടി രൂപ ഈ പദ്ധതിയ്ക്കായി സർക്കാര് വകയിരുത്തുകയും അതിൽ 72.81 കോടി നിലവില് ലഭ്യമാക്കിയിട്ടുണ്ട്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്ക് പദ്ധതിയുമായി വനം വകുപ്പ്. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. സർക്കാ ർനിശ്ചയിച്ച വൃക്ഷത്തൈകൾ നടുന്നവർക്ക് 15 വർഷം വരെ ധനസഹായം ലഭിക്കും. പദ്ധതി കാലാവധി പൂർത്തിയായ ശേഷം സ്ഥല ഉടമക്ക് സോഷ്യ ഫോറസ്റ്റ് ഡിവിഷൻ ഓഫീസിന്റെ അനുമതിയോടെ മരങ്ങൾ മുറിച്ചെടുക്കാനുള്ള അനുവാദവും ഉണ്ടാകും. സംസ്ഥാനത്തെ വൃക്ഷാവരണം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വര്ഷത്തെ പാട്ടത്തിന് ഭൂമി കൈവശമുള്ളവർക്കും പദ്ധതിയിൽ അംഗങ്ങളാവാം. ചന്ദനം, തേക്ക്, റോസ് വുഡ്, പ്ലാവ്, കാട്ടുപ്ലാവ്, തമ്പകം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പില്, കരിമരുത്, വെൺതേക്ക്, വീട്ടി എന്നിവയാണ് പദ്ധതി പ്രകാരം നടേണ്ടത്. ആദ്യഘട്ടത്തിൽ ചന്ദനത്തൈകളാണ് നട്ടുപിടിപ്പിക്കുക. പദ്ധതിയിൽ അംഗങ്ങളാകാന് താൽപര്യമുള്ളവര് പ്രാദേശിക പരിധിയിലുള്ള സാമൂഹിക വനവത്കരണവിഭാഗം റെയ്ഞ്ച് ഓഫീസർക്ക് അപേക്ഷ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമർപ്പിക്കണം. റെയ്ഞ്ച് ഓഫീസർ രേഖകളും ഭൂമിയും പരിശോധിച്ച് നടാന് സാധിക്കുന്ന വൃക്ഷത്തൈകളുടെ എണ്ണം തീരുമാനിക്കും. കുറഞ്ഞത് 10 തൈകളെങ്കിലും നടാനാകണം. രജിസ്റ്റർ ചെയ്യുമ്പോള് വനംവകുപ്പുമായി ധാരണാപത്രം ഒപ്പിടണം. തൈകള് നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം മൂന്നാം വർഷം മുതലാണ് നൽകുക. പരിപാലിക്കുന്നവർക്ക് 15 വർഷംവരെ ഇത് ലഭിക്കും. സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ നഴ്സറികളിൽനിന്ന് എല്ലാ വർഷവും ജൂൺ-ജൂലൈ മാസങ്ങളിൽ സൗജന്യമായി വൃക്ഷത്തൈകൾ നൽകും.

3. ഇടുക്കി ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ അവസരം. പഞ്ചായത്ത് തല മൃഗാശുപത്രികളുമായും, വെറ്ററിനറി സബ് സെന്ററുകളുമായും ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കാം. സ്വന്തമായി ഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാം. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജില്ലയിൽ കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് ഊർജ്ജിത യജ്ഞം ഒക്ടോബർ 31

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെ നടക്കും. എല്ലാ കർഷകരും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. പൂരിപ്പിച്ച അപേക്ഷ ഫോമിനൊപ്പം തിരിച്ചറിയൽ രേഖ (വോട്ടേഴ്സ് ഐ.ഡി/പാൻ കാർഡ്/ആധാർ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് മുതലായവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്), സ്ഥിരതാമസ രേഖ (2 മാസത്തിൽ താഴെ പഴക്കമുള്ള ഫോൺ ബിൽ/കരം രസീത്/വൈദ്യുതി ബിൽ/വോട്ടേഴ്സ് ഐ.ഡി/പാസ്പോർട്ട്/ആധാർ കാർഡ്/സർക്കാർ വകുപ്പുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന സർട്ടിഫിക്കറ്റ്), ആറ് മാസത്തിനുള്ളിൽ എടുത്ത 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ സഹിതം അപേക്ഷ നൽകണം.

## പരിശീലന പരിപാടി

4. കാക്കനാട് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള ഓഫിസിൽ കൂൺ കൃഷി പരിശീലനം ഒക്ടോബർ 24ന് നടത്തുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 9497713882.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തിരുവനന്തപുരത്തുള്ള വെള്ളായണി, കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് **"പഴം – പച്ചക്കറി സംസ്കരണം"** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി 28.10.2025 ചൊവ്വാഴ്ച നടത്തുന്നു. പരിശീലന ഫീസ് 1000/-രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഫീസ് സമയങ്ങളിൽ 8089076698 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2025 ഒക്ടോബർ 28-ാം തീയ്യതി (ചൊവ്വാഴ്ച) രാവിലെ 10 മുതൽ വൈകിട്ട് 5 വരെ **"കാട വളർത്തൽ"** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തപ്പെടുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 04936-297084 എന്ന നമ്പരിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയ്യതി 24.10.2025. മുൻകൂട്ടി രജിസ്റ്റർ ചെയ്യുവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.